# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

*നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 4145* — *24.10.2016 ലെ മറുപടിക്ക്.*

## സംസ്ഥാനത്തിന് പുറത്ത് താമസിക്കുന്ന കേരളീയരുടെ ക്ഷേമം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജെയിംസ് മാത്യു<br>ശ്രീ. കെ. ജെ. മാക്സി<br>ശ്രീ. മുരളി പെരുനെല്ലി<br>ശ്രീ. എ. പ്രദീപ് കുമാർ | ശ്രീ. പിണറായി വിജയൻ<br>**(മുഖ്യമന്ത്രി)** |
| (എ) സംസ്ഥാനത്തിന് പുറത്ത് താമസിക്കുന്ന കേരളീയരുടെ ക്ഷേമത്തിനും അവർക്ക് വേണ്ട സഹായങ്ങൾ ഉറപ്പുവരുത്തുന്നതിനും തിരിച്ചുവരുന്നവരുടെ പുനരധിവാസത്തിനും പ്രവാസി കേരളീയരെ സംസ്ഥാനത്ത് നിക്ഷേപം നടത്തുന്നതിന് പ്രേരിപ്പിക്കുന്നതിനും പ്രവാസി കേരളീയകാര്യ വകുപ്പ് നടപ്പിലാക്കുന്ന നൂതന പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ; | (എ) സംസ്ഥാനത്തിന് പുറത്ത് താമസിക്കുന്ന കേരളീയരുടെ ക്ഷേമത്തിനായി എൻ.ആർ.കെ. ഇൻഷ്വറൻസ് കാർഡ് നിലവിലുണ്ട്. നോർക്ക സഹായ പദ്ധതികളുടെ ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള തിരിച്ചറിയൽ കാർഡായി ഇത് ഉപയോഗിക്കാം. അപകടമരണം, സ്ഥിരം/പൂർണ്ണ വൈകല്യം എന്നിവയ്ക്ക് രണ്ടുലക്ഷം രൂപ വരെയും ഭാഗികമായ അംഗവൈകല്യത്തിന് ഒരു ലക്ഷം രൂപ വരെയും ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കും.<br>അന്യസംസ്ഥാനങ്ങളിൽ മരണമടയുന്ന മലയാളികളുടെ മൃതശരീരം നാട്ടിലെത്തിക്കുന്നതിന് ആശ്വാസസഹായമായി നിലവിൽ 15,000/- രൂപ (രൂപ പതിനയ്യായിരം മാത്രം) അനുവദിച്ചുവരുന്നു. ഇതുകൂടാതെ സാന്ത്വന പദ്ധതി പ്രകാരം മരണാനന്തര ധനസഹായമായി ഒരു ലക്ഷം രൂപയും അനുവദിക്കുന്നുണ്ട്. ഇതിനുപുറമെ ഗുരുതര രോഗങ്ങൾക്ക് ചികിത്സാ ധനസഹായമായി 50,000/- രൂപയും (രൂപ അൻപതിനായിരം മാത്രം) മറ്റ് രോഗങ്ങൾക്കുള്ള ചികിത്സാ ധനസഹായമായി |

| | | |
|---|---|---|
| | | 20,000/- രൂപയും (രൂപ ഇരുപതിനായിരം മാത്രം) പെൺമക്കളുടെ വിവാഹധന സഹായമായി 15,000/-രൂപയും (രൂപ പതിനയ്യായിരം മാത്രം) നൽകിവരുന്നു. പ്രവാസി ക്ഷേമ ബോർഡിൽ അംഗങ്ങളായ അന്യസംസ്ഥാന മലയാളികൾക്ക് പ്രവാസിക്ഷേമനിധി ആക്ടിൽ വിഭാവനം ചെയ്യുന്ന ആനുകൂല്യ-ങ്ങളും നൽകുന്നുണ്ട്. വിദേശത്തു നിന്നും തിരിച്ചെത്തിയ പ്രവാസി-കൾക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതി നായി "നോർക്ക ഡിപ്പാർട്ടുമെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ്" എന്ന പദ്ധതിയും പ്രവാസി കേരളീയരെ സംസ്ഥാ-നത്ത് നിക്ഷേപം നടത്താൻ പ്രേരിപ്പിക്കുന്നതിനായി 'നോർക്ക ബിസിനസ് ഫെസിലി റ്റേഷൻ സെന്റർ' (NBFC) എന്ന പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) | പ്രവാസികൾക്കായി നിയമസഹായ പദ്ധതി നിലവിലുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ; | (ബി) ഉണ്ട്. തങ്ങളുടേതല്ലാത്ത കാരണ ങ്ങൾക്കും ചെറിയ കുറ്റകൃത്യ ങ്ങൾക്കും വിദേശ ജയിലുകളിൽ കഴിയുന്ന പ്രവാസി മലയാളി കൾക്ക് ആവശ്യമായ നിയമ സഹായം നൽകുന്നതിനും, വിവിധ കാരണങ്ങളാൽ വിദേശ രാജ്യങ്ങ-ളിൽ അഭയം ആവശ്യമായി വരുന്ന കേരളീയ സ്ത്രീകളെ എംബസി കളിൽ എത്തിക്കുന്നതിനും പ്രവാസികൾക്ക് അവരുടെ Legal Benefits ലഭിക്കുന്നതിനും വേണ്ടി കേന്ദ്ര വിദേശകാര്യ വകുപ്പ് എംബസികൾ മുഖേന നടപ്പാക്കുന്ന പദ്ധതി നിലവിലുണ്ട്. ഇതിനു പുറമേ പ്രവാസി നിയമസഹായ സെൽ (Pravasi Legal Aid Cell) എന്ന പദ്ധതി നടപ്പിലാ ക്കാൻ ഉദ്ദേശിക്കുന്നു. ഇതിനായി നോർക്ക റൂട്ട്സിൽ രജിസ്റ്റർ ചെയ്തിട്ടുള്ള പ്രവാസി സംഘടന കൾ, വിദേശ രാജ്യങ്ങളിലെ |

ഇന്ത്യൻ എംബസികൾ എന്നിവ വഴിയോ നേരിട്ടോ അപേക്ഷ സ്വീകരിച്ച് അതാത് രാജ്യങ്ങളിലെ തിരഞ്ഞെടുക്കപ്പെട്ട നിയമ വിദഗ്ധരുടെ സഹകരണത്തോടെ പദ്ധതി നടപ്പിലാക്കുവാൻ വേണ്ട പ്രവർത്തനങ്ങൾ പുരോഗതി യിലാണ്.

(സി) വിദേശ രാജ്യങ്ങളിൽ തൊഴിൽ തേടി പോകുന്നവർക്കായി അതതു രാജ്യങ്ങളിലെ നിയമ സാമൂഹിക വ്യവസ്ഥിതികളെക്കുറിച്ചും അതു-പോലെ വ്യാജ റിക്രൂട്ട്മെന്റ്, വിസ തട്ടിപ്പ് എന്നിവയെക്കുറിച്ചും ബോധ-വത്ക്കരണ പരിപാടികൾ സംഘടി പ്പിക്കുവാൻ നടപടി സ്വീകരിക്കുമോ ; ഇതിനായി ദൃശ്യ, ശ്രവ്യ, പത്ര മാധ്യമങ്ങളെ പ്രയോജനപ്പെടുത്തു മോയെന്ന് വ്യക്തമാക്കുമോ ?

(സി) സ്വീകരിച്ചിട്ടുണ്ട്. നിലവിൽ Pre Departure Orientation Training Programme എന്ന പദ്ധതി പ്രകാരം വിദേശ രാജ്യങ്ങളിൽ തൊഴിൽ തേടിപ്പോകുന്നവർ ക്കായി അതതു രാജ്യങ്ങളിലെ നിയമ സാമൂഹിക വ്യവസ്ഥിതി കളെക്കുറിച്ചുള്ള ഒരു ദിവസത്തെ ബോധവൽക്കരണ പരിപാടി നടത്തിവരുന്നുണ്ട്. കൂടാതെ Awareness Campaign on Illegal Recruitment & Visa check എന്ന പദ്ധതി മുഖാന്തിരം വിദേശ റിക്രൂട്ട്മെന്റുമായി ബന്ധപ്പെട്ട ചൂഷണങ്ങൾ, വിസ തട്ടിപ്പ് എന്നിവക്കെതിരെയുള്ള ബോധവൽക്കരണ പരിപാടികൾ, വിവിധ ദൃശ്യ, ശ്രവ്യ പത്ര മാധ്യമങ്ങളിലൂടെ നൽകി വരുന്നുണ്ട്.

Sheeja

സെക്ഷൻ ഓഫീസർ.